# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 29.03.2026**

## പ്രധാനവാർത്തകൾ

1. കേരളത്തിൽ നിയമസഭ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ശക്തമാക്കി മുന്നണികൾ. പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പാലക്കാട് എൻഡിഎ പൊതു സമ്മേളനത്തിൽ പങ്കെടുത്തു. ആവേശം പകർന്ന് തൃശൂരിൽ പ്രധാനമന്ത്രിയുടെ റോഡ്ഷോ.

2. മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് മലപ്പുറം ജില്ലയിൽ എൽഡിഎഫ് സ്ഥാനാർത്ഥികൾക്കായി പ്രചാരണം നടത്തി. യുഡിഎഫ് പ്രചാരണത്തിനായി മുതിർന്ന കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിനാളെ സംസ്ഥാനത്തെത്തും.

3. പശ്ചിമേഷ്യൻ സംഘർഷം ഉയർത്തുന്ന വെല്ലുവിളികളെ രാജ്യം ഒരുമിച്ച് നിന്ന് മറികടക്കണമെന്ന് മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി. രാജ്യത്തെ ജനങ്ങൾ ജലസംരക്ഷണത്തോടുള്ള പ്രതിബദ്ധത പുതുക്കേണ്ട സമയമാണിതെന്നും പ്രധാനമന്ത്രി.

4. രാജ്യത്തെ പെട്രോൾ പമ്പുകളിൽ പെട്രോളിൻറെയും ഡീസലിൻറെയും മതിയായ ശേഖരം ലഭ്യമാണെന്ന് കേന്ദ്ര സർക്കാർ. അഭ്യൂഹങ്ങൾ വിശ്വസിക്കരുതെന്നും

RNU TVPM

ഗാർഹിക എൽപിജി വിതരണം സാധാരണ നിലയിലാണെന്നും പെട്രോളിയം മന്ത്രാലയം.

5. ഐപിഎൽ ക്രിക്കറ്റിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് അല്പസമയത്തിനകം മുംബൈ ഇന്ത്യൻസിനെ നേരിടും.

**&&&&&&&&&&&&&&&&&&**

<u>പി എം-കേരളം (ഇൻട്രോ)</u>

കേരളത്തിൽ നിയമസഭ തിരഞ്ഞെടുപ്പ് പ്രചാരണം ശക്തമാക്കി മുന്നണികൾ. വോട്ടെടുപ്പിന് ഇനി 11 ദിവസം മാത്രം. മുതിർന്ന ബിജെപി നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്ര മോദി ഇന്ന് പാലക്കാടും, തൃശൂരും എൻഡിഎ പ്രചാരണ പരിപാടികളിൽ പങ്കെടുത്തു. കേരളം മാറ്റത്തിൻറെ സന്ദേശം നൽകുന്നതായും, വികസിത കേരളം എന്ന ലക്ഷ്യം NDA യാഥാർഥ്യമാക്കുമെന്നും പാലക്കാട് കോട്ട മൈതാനത്ത് നടന്ന പൊതു സമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു. കേരളത്തിലെ യുവാക്കൾ,സ്ത്രീകൾ,കർഷകർ എന്നിവരുടെ വിശ്വാസവും,സ്നേഹവും NDA യ്ക്ക് ഒപ്പമാണെന്നും ശ്രീ മോദി അഭിപ്രായപ്പെട്ടു. LDF ഉം UDF ഉം വോട്ട് ബാങ്ക് രാഷ്ട്രീയം കളിക്കുന്നു എന്ന വിമർശനവും അദ്ദേഹം ഉന്നയിച്ചു. എൻഡിഎ സർക്കാർ അധികാരത്തിൽ വന്നാൽ കേരളത്തിന്റെ അതിവേഗ വികസനം ഉറപ്പാക്കുമെന്നും ശ്രീ മോദി പറഞ്ഞു.

(ഹോൾഡ്)

തുടർന്ന് തൃശ്ശൂരിൽ എത്തിയ പ്രധാനമന്ത്രി തിരഞ്ഞെടുപ്പ് പ്രചരണത്തിന് ആവേശം പകർന്ന് നഗരത്തിൽ റോഡ് ഷോ നടത്തി. ജില്ലയിലെ എൻഡിഎ സ്ഥാനാർത്ഥികളും, പതിനായിരക്കണക്കിന് പാർട്ടി പ്രവർത്തകരും റോഡ് ഷോയുടെ

RNU TVPM

ഭാഗമായി. കനത്ത സുരക്ഷ സന്നാഹങ്ങളോടെയായിരുന്നു പ്രധാനമന്ത്രിയുടെ വാഹനവ്യൂഹം സ്വരാജ് റൗണ്ടിലൂടെ കടന്നുപോയത്.

&&&&&&&&&&&&&&&&&&

<u>തിരഞ്ഞെടുപ്പ് കേരളം (ഇ ൻട്രോ)</u>

എൽഡിഎഫിന്റെ തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി മുഖ്യമന്ത്രിയും മുതിർന്ന സിപിഐ-എം നേതാവുമായ പിണറായി വിജയൻ ഇന്ന് മലപ്പുറം ജില്ലയിലെ വിവിധ മണ്ഡലങ്ങളിൽ പര്യടനം നടത്തി. വരുന്ന നിയമസഭ തിരഞ്ഞെടുപ്പിൽ LDF വിജയം ആവർത്തിക്കുമെന്നും, എല്ലാ തരം വർഗീയതയ്ക്ക് എതിരെയും വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് LDF എല്ലാ കാലത്തും സ്വീകരിച്ചതെന്നും അദ്ദേഹം തിരൂരിൽ പറഞ്ഞു. 2021 ൽ തുടർ ഭരണം ലഭിച്ചത് എൽഡിഎഫിൻറെ സ്വീകാര്യത കൊണ്ടാണെന്നും, വരുന്ന തിരഞ്ഞെടുപ്പിലും ഈ വിജയം ആവർത്തിക്കുമെന്നും ശ്രീ പിണറായി വിജയൻ അഭിപ്രായപ്പെട്ടു.

RNU TVPM

(ഹോൾഡ്-മുഖ്യമന്ത്രി)

യു ഡി എഫിനായി ലോക്സഭ പ്രതിപക്ഷ നേതാവും കോൺഗ്രസ് നേതാവുമായ രാഹുൽഗാന്ധി നാളെ കോട്ടയത്ത് പ്രചാരണത്തിനെത്തും. മുതിർന്ന കോൺഗ്രസ് നേതാക്കളായ രമേശ് ചെന്നിത്തല, കെ. സി വേണുഗോപാൽ, പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ എന്നിവർ ഇന്ന് എറണാകുളം ജില്ലയിൽ പ്രചാരണ പരിപാടികളിൽ പങ്കെടുത്തു. ജനങ്ങൾക്ക് ആരെയാണെന്ന് ആവശ്യമെന്ന് വരുന്ന തിരഞ്ഞെടുപ്പിലൂടെ വിലയിരുത്തപ്പെടുമെന്ന് ശ്രീ വി ഡി സതീശൻ പറവൂരിൽ മാധ്യമങ്ങളോട് പറഞ്ഞു. എൽഡിഎഫ്-യുഡിഎഫ് ഭരണകാലത്തെ വികസനനേട്ടങ്ങൾ

സംബന്ധിച്ച് തുറന്ന സംവാദത്തിന് തയ്യാറാണെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ്-വി.ഡി സതീശൻ)

ഏപ്രിൽ 9 നാണ് സംസ്ഥാനത്ത് വോട്ടെടുപ്പ്. 890 സ്ഥാനാർത്ഥികൾ ജനവിധി തേടുന്ന തിരഞ്ഞെടുപ്പിൽ കേരളത്തിൽ 2.71 കോടി വോട്ടർമാർ സമ്മതിദാന അവകാശം വിനിയോഗിക്കും. മെയ് നാലിനാണ് വോട്ടെണ്ണൽ.

&&&&&&&&&&&&&&&&&&

<u>ഹോം വോട്ടിംഗ്</u>

സംസ്ഥാനത്ത് നിയമസഭാ തെരഞ്ഞെടുപ്പിലേക്കുള്ള ഹോം വോട്ടിംഗ് പ്രക്രിയ നാളെ ആരംഭിക്കും. 85 വയസ്സിന് മുകളിലുള്ള മുതിർന്ന പൗരന്മാർ, 40 ശതമാനത്തിലധികം ഭിന്നശേഷിയുള്ളവർ, കിടപ്പുരോഗികൾ എന്നിവർക്ക് വോട്ടവകാശം വിനിയോഗിക്കുന്നതിനാണ് ഈ സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നത്. ഏപ്രിൽ അഞ്ച് വരെ ഉദ്യോഗസ്ഥർ അപേക്ഷകരുടെ വീട്ടിലെത്തി വോട്ട് രേഖപ്പെടുത്തും. ഹോം വോട്ടിങ്ങിൻറെ എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്ക പറഞ്ഞു.

&&&&&&&&&&&&&&&&&&

<u>മൻ കി ബാത് -പശ്ചിമേഷ്യ (ഇൻട്രോ)</u>

പശ്ചിമേഷ്യൻ സംഘർഷം ഉയർത്തുന്ന വെല്ലുവിളികളെ രാജ്യം ഒരുമിച്ച് നിന്ന് മറികടക്കണമെന്ന് മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി. വിഷയത്തെ രാഷ്ട്രീയവൽക്കരിക്കരുതെന്നും, നിലവിൽ യുദ്ധം നടക്കുന്ന പ്രദേശം രാജ്യത്തിൻറെ ഊർജ്ജ ആവശ്യങ്ങളുടെ പ്രധാന കേന്ദ്രമാണെന്നും അദ്ദേഹം

പറഞ്ഞു . പെട്രോൾ, ഡീസൽ ലഭ്യതയിൽ ലോകമെമ്പാടും പ്രതിസന്ധി നേരിടുന്നതായി പറഞ്ഞ അദ്ദേഹം ഇത് നേരിടാൻ ഇന്ത്യ സജ്ജമാണെന്നും വ്യക്തമാക്കി.

(ഹോൾഡ്)

&&&&&&&&&&&&&&&&&&

<u>മൻ കി ബാത് – ല ക്ഷദ്വീപ് (ഇ ൻട്രോ)</u>

രാജ്യത്തെ ജനങ്ങൾ ജലസംരക്ഷണത്തോടുള്ള പ്രതിബദ്ധത പുതുക്കേണ്ട സമയമാണിതെന്ന് പ്രധാനമന്ത്രി മൻ കി ബാതിൽ ഓർമ്മിപ്പിച്ചു. മത്സ്യത്തൊഴിലാളികൾ കടലിൻറെ യോദ്ധാക്കൾ എന്നതിന് പുറമേ സ്വയംപര്യാപ്ത ഭാരതത്തിൻറെ ശക്തമായ അടിത്തറയാണെന്നും അദ്ദേഹം പറഞ്ഞു. ഫിഷറീസ് മേഖലയിൽ നടക്കുന്ന നൂതന സംരംഭങ്ങളെക്കുറിച്ച് പരാമർശിച്ച അദ്ദേഹം ലക്ഷദ്വീപിലെ മിനിക്കോയിൽ നിന്നുള്ള ഹാവ്വ ഗുൽസാറിൻറെ വിജയ കഥയും മൻ കി ബാത്തിൽ പങ്കുവച്ചു. പ്രധാനമന്ത്രിയുടെ വാക്കുകൾ പ്രചോദനം പകരുന്നതായി ശ്രീമതി ഹാവ്വ ഗുൽസാർ പറഞ്ഞു.

RNU TVPM

(ഹോൾഡ്)

&&&&&&&&&&&&&&&&&&

<u>മൻ കി ബാത്-ജലസംര ക്ഷണം</u>

ലോകം കാലാവസ്ഥാ വ്യതിയാനം പോലുള്ള വെല്ലുവിളികളെ നേരിടുമ്പോൾ, പരിഹാര മാർഗങ്ങൾ അകലെയല്ലെന്നും സൗരോർജ്ജ സാധ്യതകൾ വിശദീകരിച്ചുകൊണ്ട് പ്രധാനമന്ത്രി പറഞ്ഞു. എല്ലാവരും ശാരീരിക ക്ഷമതയിൽ ശ്രദ്ധ ചെലുത്തണമെന്നും പഞ്ചസാരയുടെയും പാചക എണ്ണയുടെയും ഉപയോഗം കുറയ്ക്കണമെന്നും അദ്ദേഹം

അഭ്യർത്ഥിച്ചു. ലോകമെമ്പാടും യോഗയോടുള്ള താൽപര്യം ക്രമാനുഗതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

**&&&&&&&&&&&&&&&&&&**

## വെസ്റ്റ് ഏഷ്യ ബ്രീഫിങ്ങ്

രാജ്യത്തെ പെട്രോൾ പമ്പുകളിൽ പെട്രോളിൻറെയും ഡീസലിൻറെയും മതിയായ ശേഖരം ലഭ്യമാണെന്ന് കേന്ദ്ര സർക്കാർ. അഭ്യൂഹങ്ങൾ വിശ്വസിക്കരുതെന്നും ഗാർഹിക എൽപിജി വിതരണം സാധാരണ നിലയിലാണെന്നും പെട്രോളിയം മന്ത്രാലയം വ്യക്തമാക്കി. 55 ലക്ഷം സിലിണ്ടറുകളാണ് പ്രതിദിനം വിതരണം ചെയ്തു വരുന്നത്. 94,000 മെട്രിക് ടൺ എൽപിജിയുമായി രണ്ട് കപ്പലുകൾ ഇന്ത്യയിലേക്ക് എത്തിക്കൊണ്ടിരിക്കുകയാണെന്ന് കേന്ദ്ര ഷിപ്പിങ്ങ് മന്ത്രാലയം അറിയിച്ചു. അബുദാബിയിൽ മിസൈൽ അവശിഷ്ടങ്ങൾ പതിച്ചതിനെ തുടർന്ന് മരണമടഞ്ഞ ഇന്ത്യൻ സ്വദേശിയുടെ മൃതശരീരം രാജ്യത്തെത്തിക്കുന്ന നടപടികൾ ആരംഭിച്ചതായി വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി.

RNU TVPM

**&&&&&&&&&&&&&&&&&&**

## തിര. ജോലിയുള്ളവർക്ക് വോട്ട് രേഖപ്പെടുത്താം

വിവിധ തിരഞ്ഞെടുപ്പ് ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് വോട്ട് ചെയ്യുന്നതിനായി എറണാകുളം ജില്ലയിൽ ക്രമീകരിച്ചിരിക്കുന്ന വോട്ടർ ഫെസിലിറ്റേഷൻ സെൻററുകളിൽ ഏപ്രിൽ 1 മുതൽ ഏപ്രിൽ 8 വരെയുള്ള എല്ലാ പ്രവൃത്തി ദിവസങ്ങളിലും വോട്ട് രേഖപ്പെടുത്താമെന്ന് ജില്ലാ തിരഞ്ഞെടുപ്പ് വിഭാഗം അറിയിച്ചു. പോസ്റ്റൽ വോട്ടിങ് സെൻററുകളിൽ മാർച്ച് 31 മുതൽ ഏപ്രിൽ 6 വരെയുള്ള പ്രവൃത്തി ദിവസങ്ങളിലാണ് പോസ്റ്റൽ ബാലറ്റ് ചെയ്യുന്നതിന് ക്രമീകരണങ്ങൾ സജ്ജീകരിച്ചിട്ടുള്ളത്.

&&&&&&&&&&&&&&&&&&

<u>ഐപിഎൽ</u>

ഐപിഎൽ ക്രിക്കറ്റിൽ അല്പസമയത്തിനകം കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, മുംബൈ ഇന്ത്യൻസിനെ നേരിടും. മുംബൈ വാങ്കഡെ സ്റ്റേഡിയത്തിലാണ് കളി ആരംഭിക്കുക. .ഇന്നലെ നടന്ന ആദ്യ മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ, 6 വിക്കറ്റിന് സൺറൈസേഴ്സ് ഹൈദരാബദിനെ പരാജയപ്പെടുത്തി.

&&&&&&&&&&&&&&&&&&

&&&&&&&&&

&&&

RNU TVPM